# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പ. കാതോലിക്കാ ബാവാമാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ സപ്ലിമെന്റ് | 2007 ജനുവരി 2-3 | പേജ് 2

## മുഖലേഖനം

### ദേവലോകത്തെ ദൈവലോകമാക്കിയ പിതാക്കന്മാർ

കോട്ടയം നഗരത്തിന്റെ അധികമാരാലും ശ്രദ്ധിക്കപ്പെടാതിരുന്ന ഒരു പ്രാന്തപ്രദേശമായ ദേവലോകം ജനശ്രദ്ധയാകർഷിക്കുവാൻ തുടങ്ങിയത് പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും ആസ്ഥാനം ആ പ്രദേശത്ത് വന്നു ഭവിച്ചതിനാലാണ്. കെ. സി. മാമ്മൻമാപ്പിളയുടെയും അദ്ദേഹത്തോടൊപ്പം തോളോടുതോൾ ചേർന്നു പ്രവർത്തിച്ച മഹാനുഭവന്മാരായ എം. സി. മാത്യു മാളിയേക്കൽ, കെ. ഫീലിപ്പോസ് കത്തനാർ (പിന്നീട് ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ) എറികാട് ഇ. ജെ. ജോസഫ് മുതലായവരുടെ ഭാവന, കർമ്മകുശലത, ധനം എന്നിവയാണ് ഒരു സന്നിഗ്ദ്ധ ഘട്ടത്തിൽ ഈ സ്ഥലം സഭക്കു വേണ്ടി സമ്പാദിക്കുവാനിടയാക്കിയത്.

എന്നാൽ അവിടം ദൈവലോകമായി പരിണമിച്ചത് അവിടെ തുടർച്ചയായി മഹാതാപസന്മാരായവർ താമസിക്കുകയും കബറടങ്ങുകയും ചെയ്തതിലൂടെയാണ്. മലങ്കരസഭയുടെ വലിയ ബാവായായ ഗീവർഗീസ് ദ്വിതീയനാണ് അവിടെ ആദ്യമായി താമസിച്ച സഭാതലവൻ. തന്റെ ഗുരുക്കന്മാരായിരുന്ന പ. പരുമല തിരുമേനിയുടെ താപസജീവിതവും പ. വട്ടശ്ശേരിൽ തിരുമേനിയുടെ ഭരണപാടവവും ഒന്നുചേർന്ന ഒരു അത്ഭുത പ്രതിഭാസമായിരുന്നു വലിയ ബാവാ. എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സലാസിയുടെ സന്ദർശനവേളയിൽ ആ രണ്ട് മഹാരഥന്മാർ തമ്മിലുള്ള സംഭാഷണം അവിടെ ദ്വിഭാഷിയായി വർത്തിച്ചപോൾ വർഗ്ഗീസ് (പിന്നീട് പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ) ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

*"ചക്രവർത്തിയും കാതോലിക്കാബാവായും തമ്മിലുളള ഔപചാരിക സംഭാഷണം താമസിയാതെ ആരംഭിച്ചു. അതു പരിഭാഷപ്പെടുത്തുക ഒരാനന്ദമായിരുന്നു. കാതോലിക്കാബാവാ ഇങ്ങനെ തുടങ്ങി: "തിരുമേനി, ഈ സമയത്ത് എന്റെ വികാരങ്ങൾ ജറുസലേം ദേവാലയത്തിൽ യേശുകുഞ്ഞിനെ സ്വാഗതം ചെയ്ത വൃദ്ധൻ ശിമയോന്റേതു തന്നെയാണ്. നമ്മുടെ സഭകളിലെ ഏക ചക്രവർത്തിയെ എന്റെ കണ്ണുകൾ നേരിൽ കണ്ടിരിക്കുന്നതിനാൽ ഇപ്പോഴെനിക്കു സമാധാനത്തോടെ മരിക്കാം."*

*"പരിശുദ്ധ പിതാവേ, അങ്ങയെപ്പോലൊരു പരിശുദ്ധന്റെ മുഖം ദർശിക്കുന്നതിലധികമായ എന്തൊരു ആനന്ദമാണ് രാജ്യഭരണക്ലേശങ്ങളാൽ പരിക്ഷീണനായ ഒരു രാജാവിനു കിട്ടുവാനുള്ളത്?" ഈ സംഭാഷണം ആ രണ്ടു മഹാവ്യക്തികളോടുമുളള എന്റെ ആദരവു വർദ്ധിപ്പിച്ചു."*

എഡിൻബറോയിൽ നടന്ന ഡബ്ല്യു. സി. സി. യുടെ സമ്മേളനത്തിൽ ഏറ്റവും ശ്രദ്ധ പിടിച്ചുപറ്റിയ സഭാമേലദ്ധ്യക്ഷൻ വിദേശ ഭാഷകളിൽ വലിയ പാണ്ഡിത്യമില്ലാത്ത, കേരളത്തിനു പുറത്ത് അത്രയധികം യാത്ര ചെയ്തിട്ടില്ലാത്ത പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായാണെന്നത് ലോക മാധ്യമങ്ങൾ അത്ഭുതാദരവുകളോടെയാണ് നോക്കിക്കണ്ടത്. ബ്രിട്ടീഷ് രാജ്ഞിയായ എലിസബേത്ത് II വരെ ആ ആദ്ധ്യാത്മിക ചൈതന്യത്തെ തലവണങ്ങി നമസ്കരിച്ചതും ചരിത്രത്തിന്റെ ഭാഗമാണ്. കേസിൽ പരാജയപ്പെട്ട് തലക്കുമുകളിൽ മേല്ക്കൂരയില്ലാത്തയവസ്ഥ മുന്നിൽ കാണുമ്പോൾ ഇതൊരു പരാജയമല്ല എന്നു പറഞ്ഞ് അനുചരന്മാരുടെ ആത്മവീര്യം പിടിച്ചുനിർത്തിയതും അതേ കേസിന്റെ അപ്പീലിൽ പൂർണ്ണവിജയം ലഭിച്ചപ്പോൾ ഇതൊരു വിജയമല്ല എന്നു പറഞ്ഞ് സഭാമക്കളുടെ അമിതാഹ്ലാദത്തെ നിയന്ത്രിച്ചതും ഒരു യഥാർത്ഥ യോഗിക്ക് ചേരുന്ന നിസ്സംഗതയോടെയായിരുന്നു. ജീവിച്ചിരുന്ന കാലത്തു തന്നെ അമാനുഷ സിദ്ധികളുടെ വിളനിലമായിരുന്നു വലിയ ബാവാ. ആ കാലഘട്ടത്തിലും തിരുമേനിയുടെ ചെരുപ്പ് നിർമ്മിച്ചു നൽകുന്ന ഉമ്മൻ എന്ന ചെരുപ്പു നിർമ്മാണതൊഴിലാളിയോടും മറ്റനേകം സാധാരണക്കാരോടും സ്നേഹവാത്സല്യങ്ങളോടെ വർത്തിച്ച എളിമ, അവിടത്തെ ഗാംഭീര്യത്തിന് ഒട്ടും കുറവു വരുത്തിയിരുന്നില്ല.

ഇരുപതാം നൂറ്റാണ്ടു കണ്ട ഏറ്റവും വലിയ സുറിയാനി പണ്ഡിതൻ, വിനയം അല്പം കൂടിപ്പോയി എന്നു മുൻഗാമിയുടെ ഗൂഢസ്മിതത്തോടെയുള്ള തമാശ ആസ്വദിച്ച മഹാമാനസൻ, പഠിച്ച പാഠങ്ങളിൽ തെറ്റുണ്ടെന്നു കണ്ട് തിരുത്തുകയും അതിൽ തന്റെ ജനത്തെ പങ്കാളികളാക്കുകയും ചെയ്ത ഔഗേൻ ബാവാ സുദീർഘമായ ഇഹലോകവാസത്തിൽ പലപ്പോഴും ജീവിക്കുന്ന സഹദായായി ഭവിച്ച വ്യക്തിയാണ്. കക്ഷിവൈരാഗ്യത്തിൽ അന്ധനായ പാത്രിയർക്കീസ് പക്ഷക്കാരൻ കാപ്പിവടിക്കമ്പുകൊണ്ട് പുറത്ത് ആഞ്ഞടിച്ചതിന്റെ വേദന കടിച്ചമർത്തിക്കൊണ്ട് സഹിച്ചത് താരതമ്യേന ചെറിയ ഒരു പീഡനമായിരുന്നു. ഉപവാസമില്ലാത്ത ദിവസങ്ങളിൽ ഇല്ലായ്മ മൂലം ഭക്ഷണം വെടിയേണ്ടിവന്നിട്ടുള്ള പിതാക്കന്മാരുടെ ശ്രേണിയിൽ ഒരുപക്ഷേ അവസാനത്തെ കണ്ണികളിലൊരാളായിരുന്നിരിക്കണം പ. ഔഗേൻ ബാവാ.

പ. മാത്യൂസ് പ്രഥമൻ ബാവായുടെ സംഭാവനകൾ സഭയുടെ കെട്ടുറപ്പിനും സമഗ്ര വികസനത്തിനും ഉതകുന്നവയായിരുന്നു. വൈദിക വിദ്യാഭാസം, ബാഹ്യകേരളത്തിലെ സഭയുടെ വികസനം, ഭരണഘടനയുടെ വിട്ടുവീഴ്ചയില്ലാത്ത നടപ്പാക്കൽ, വടക്കൻ ഭദ്രാസനങ്ങളിലെ കാതോലിക്കേറ്റ് സെന്ററുകൾ, തികഞ്ഞ സാമ്പത്തിക സുതാര്യത എന്നിവയെല്ലാം പ. മാത്യൂസ് പ്രഥമൻ ബാവായെ സ്മരിക്കുമ്പോൾ മുന്നോട്ടുവരുന്ന അനേകം മേഖലകളാണ്. മാർത്തോമ്മാ പാരമ്പര്യം നൂറ്റാണ്ടുകൾക്കു ശേഷം പുനഃസ്ഥാപിച്ചതുമുതൽ സഭാസമിതികളെ ഫലപ്രദമായി പ്രവർത്തനക്ഷമമാക്കുക വരെയുള്ള പ്രവർത്തനങ്ങളിലൂടെ സഭയെ എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തനക്ഷമമാക്കിയ ഒരു മഹാപ്രതിഭയെ ആദരവോടെയല്ലാതെ നോക്കിക്കാണാനാവില്ല. എം. ഡി. സെമിനാരി സ്കൂളിലെ ഒരു ലാസ്റ്റ് ഗ്രേഡ് ജീവനക്കാരനായ വർഗ്ഗീസിന്റെ വിവാഹത്തിന് കാർമ്മികത്വം വഹിക്കാമെന്ന വാക്കു പാലിക്കുവാൻ ചില വൻതോക്കുകളുടെ ക്ഷണം നിരാകരിക്കുവാൻ നിമിഷാർദ്ധം പോലും ചിന്തിക്കേണ്ടാത്ത പ്രതിബദ്ധത ഇന്ന് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്.

ദേവലോകത്തിന് ദൈവചൈതന്യം പകർന്ന ഈ വലിയ പ്രകാശ ഗോപുരങ്ങൾ വഴികാണാതെ ഉഴറുന്ന ഘട്ടങ്ങളിൽ ഈ സഭയ്ക്ക് കോട്ടയും കാവലുമായി ഭവിക്കട്ടെ.

## മലങ്കരസഭയുടെ മഹർഷിവര്യൻ

**(മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ)**

**സാബു വടകര**

**(കൈക്കാരൻ, സെന്റ് ജോൺസ് കത്തീഡ്രൽ, പാമ്പാടി)**

മലങ്കര ഓർത്തഡോക്സ് സഭയുടെ മൂന്നാംകാതോലിക്കായായ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ കോട്ടയം ജില്ലയിലെ കുറിച്ചിയിൽ കല്ലാശ്ശേരി ഉലഹന്നാന്റെയും നൈത്തിയുടെയും പുത്രനായി 1874 ജൂൺ 15 ന് ജനിച്ചു. പുന്നൂസ് എന്ന പേരിലാണ് ബാല്യകാലത്ത് അറിയപ്പെട്ടിരുന്നത്. പരുമല തിരുമേനിയുടെയും വട്ടശ്ശേരിൽ തിരുമേനിയുടെയും ശിഷ്യനായി പരുമല സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം ചെയ്തു. 1892 ഏപ്രിൽ 24 ന് പൂർണ ശെമ്മാശനായി.1898 നവംബർ 24 ന് വൈദികപട്ടവും മൂന്നുദിവസം കഴിഞ്ഞ് റമ്പാൻ സ്ഥാനവും സ്വീകരിച്ചു. റമ്പാനായിരുന്ന കാലഘട്ടത്തിൽ സുറിയാനി ഭാഷയിൽ നിന്നും ഒമ്പത് ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്തു പ്രസിദ്ധീകരിച്ചു. 1912 സെപ്റ്റംബർ 8 ന് 'ഗീവർഗീസ് മാർ ഗ്രീഗോറിയോസ്' എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. 1929 ഫെബ്രുവരി 15 ന് 'ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ' എന്ന പേരിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനമേറ്റു. 1934 ഡിസംബർ 26-ന് 'മലങ്കര മെത്രാപ്പോലീത്താ'യായി. 1964 ജനുവരി മൂന്നിന് കാലം ചെയ്തു.

ആത്മീയ പൗരുഷത്തെ സഭയുടെ

(ശേഷം 2-ാം പേജിൽ)

## യുഗപ്രഭാവന്മാരായ ബാവാമാർ

**കെ. വി. ഏബ്രഹാം, കൊടുവത്ത്**

1912-ൽ സ്വതന്ത്രമായ മലങ്കരസഭയുടെ റിപ്പബ്ലിക്ക് വർഷമാണ് 1934. മലങ്കരസഭയുടെ ചരിത്രത്തിലെ നിർണ്ണായകമായ ഈ രണ്ടു സംഭവങ്ങളും അതിതീക്ഷ്ണമായ സഭാ ഭിന്നിപ്പിന്റെ അന്തരീക്ഷത്തിലാണ് അരങ്ങേറിയത്. സഭയിലെ രണ്ടു വിഭാഗങ്ങൾ പരസ്പരം ന്യായവാദങ്ങൾ ഉയർത്തി തങ്ങളുടെ നിലപാടുകൾ സാധൂകരിക്കാൻ ശ്രമിച്ചുവന്നു. സത്യം ജയിക്കുമെന്ന നിലപാടിൽ ഉറച്ചുനിന്ന ദൈവജനത്തിന് ഭാരതത്തിന്റെ പരമോന്നത നീതിപീഠം 1958 ലും 1995 ലും പിന്തുണയേകി. കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ സാധുത 1958-ലെ വിധിയിലും മലങ്കരസഭാഭരണഘടനയുടെ സാധുത 1995-ലെ വിധിയിലും സുപ്രീംകോടതി ഉറപ്പിച്ചു.



പരിശുദ്ധ ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ

സഭാഭാസുരനായ പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിനെ തുടർന്ന്, സംഭവബഹുലമായ ഈ കാലഘട്ടങ്ങളിൽ സഭാനൗകയെ ലക്ഷ്യത്തിലേക്ക് നയിച്ച പിതാക്കന്മാരാണ് പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ, ഔഗേൻ പ്രഥമൻ, മാത്യൂസ് പ്രഥമൻ എന്നിവർ.

അചഞ്ചലമായ ദൈവാശ്രയവും തികഞ്ഞ ലക്ഷ്യബോധവുമായിരുന്നു സഭാപിതാക്കന്മാരെ ഭരിച്ചിരുന്നത്. "ചെറിയ ആട്ടിൻ കൂട്ട"ത്തെ ഭയമുള്ളവരായിരുന്നില്ല മുൻപറഞ്ഞ സഭാപിതാക്കന്മാർ. ശക്തമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും അവ നടപ്പാക്കുകയും ചെയ്ത കർമ്മധീരന്മാരായിരുന്നു ഇവർ. യുഗപ്രഭാവന്മാരായി സഭാംഗങ്ങളിൽ ഈ ബാവാമാർ നിലനില്ക്കുന്നത് ഇക്കാരണത്താലാണ്.

ഇന്നത്തെപ്പോലെ പരസ്പരമുള്ള ആശയവിനിമയ സൗകര്യങ്ങൾ എളുപ്പമല്ലാതിരുന്ന കാലത്തിൽ പ്രഗത്ഭരും വിശ്വസ്ഥന്മാരും സത്യസന്ധരുമായ സഭാംഗങ്ങളുടെ ഉപദേശങ്ങളും ശക്തിയേറിയ പിൻബലവുമായിരുന്നു ഇവർക്കു ലഭിച്ചിരുന്നത്. സഭാംഗങ്ങളിൽ ഇവർ വിശ്വാസമർപ്പിച്ചിരുന്നു. സഭയുടെ ഉയർച്ചയും വളർച്ചയുമാണ് സഭാപിതാക്കന്മാരുടെ ഉയർച്ചയും വളർച്ചയുമെന്ന് ഇവർ കരുതിപ്പോന്നു. സ്വാർത്ഥലക്ഷ്യങ്ങൾക്കു വേണ്ടി സഭയെ ഉപയോഗിക്കുവാൻ ലക്ഷ്യമിടുന്നവരെ തിരിച്ചറിയുവാനുള്ള വിവേകം ഇവർക്കുണ്ടായിരുന്നു. യോഗ്യന്മാരായ സെക്രട്ടറിമാരും ആലോചനാ സമിതിയുമായിരുന്നു ഇവരുടെ കരുത്ത്. അന്ധമായി ആരെയും വിശ്വസിക്കുകയോ കാര്യകാരണ വിവേചനം കൂടാതെ ആരെയും അകറ്റുകയോ ചെയ്തവരല്ല ഈ പിതാക്കന്മാർ.

ഗീവറുഗീസ് ദ്വിതീയൻ ബാവായും ഔഗേൻ ബാവായും മാത്യൂസ് പ്രഥമൻ ബാവായും പരാജയങ്ങളെ ധീരമായി നേരിട്ട പിതാക്കന്മാരാണ്. സത്യം ജയിക്കുമെന്ന് ഉറപ്പായി ഇവർ വിശ്വസിച്ചു. ഈ വികാരം സഭാംഗങ്ങളിലേക്ക് പകരുന്നതിലും ഇവർ വിജയിച്ചു. പരാജയങ്ങളുടെ മൂലഹേതു എന്താണെന്നു സ്വയം കണ്ടെത്താനും വിലയിരുത്തുവാനും ഇവർക്കു സാധിച്ചു. പരാജയങ്ങളുടെ ഉത്തരവാദിത്വം മറ്റുള്ളവർക്കും വിജയങ്ങളുടെ നേട്ടങ്ങൾ തങ്ങൾക്കുമായി മാറ്റിയവരല്ല ഈ പിതാക്കന്മാർ.

ആരോഗ്യകരമായ ജനാധിപത്യ സംസ്കാരം മലങ്കരസഭയുടെ വിവിധ മേഖലകളിൽ നടപ്പാക്കുന്നതിലും അതിനനുസൃതമായി പ്രവർത്തിക്കുന്നതിലും വിജയിച്ചവരാണ് ഈ ബാവാമാർ. ജനാധിപത്യത്തിന്റെ പേരിൽ ഗ്രൂപ്പുകളെ വളർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ശക്തികളെ കണ്ടെത്താനും അവർക്കെതിരെ പ്രതികരിക്കാനും മടി കാണിച്ചില്ല ഈ പിതാക്കന്മാർ. പണ്ഡിത കേസരികളും ആദ്ധ്യാത്മിക രംഗങ്ങളിൽ വിളങ്ങി നിന്ന തേജോമയികളുമായിരുന്നു മൂന്നു ബാവാമാരും. ഭാഗ്യകരമായ ഒരു കാലഘട്ടം സഭക്കായി പ്രദാനം ചെയ്യുന്നതിൽ വിജയിച്ച ഈ ബാവാമാരുടെ ഓർമ്മപെരുന്നാളുകൾ ഒരേ സ്ഥലത്ത് ഒരേ ദിനം ആചരിക്കുവാൻ കഴിയുന്നത് ശ്രേഷ്ഠതരമാണ്.

## ജനുവരി 3, മലങ്കരസഭയുടെ വലിയപെരുന്നാൾ

**എം. കുര്യൻ തോമസ്**

മലങ്കരയിലെ മൂന്നാമത്തെ കാതോലിക്കായും ദേവലോകം കാതോലിക്കേറ്റ് അരമനയുടെ സ്ഥാപകനുമായ ഭാഗ്യസ്മരണാർഹനായ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മദിനമാണ് ജനുവരി മൂന്ന്. ഇന്ന് ദേവലോകം അരമന ചാപ്പലിലെ പ്രധാന പെരുന്നാളും ഇതാണ്. ദീർഘവീക്ഷണത്തോടെയാണ് പ.



പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ

കുറിച്ചി ബാവാ ദേവലോകം അരമന പണിതുയർത്തിയത്. താനും തന്റെ പിൻഗാമികളും അവിടെ വസിക്കണമെന്നും അവിടെ കബറടക്കപ്പെടണമെന്നും അദ്ദേഹം ആഗ്രഹിച്ചു. അതിനുള്ള അടിസ്ഥാന സൗകര്യങ്ങളും അദ്ദേഹം ഉണ്ടാക്കി. തുടർന്ന് നാലും അഞ്ചും കാതോലിക്കാമാരെ അവിടെത്തന്നെ കബറടക്കുകയും ചെയ്തു.

മലങ്കരസഭയിലെ സ്ത്രീകളുടെ സംഭാവന കൊണ്ടാണ് പ. ദൈവമാതാവിന്റെ നാമത്തിലുള്ള അരമനചാപ്പൽ പ. ബാവാ പണിതുയർത്തിയത്. ì നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും വേണ്ടി നിത്യവും പ്രാർത്ഥനയും വി. കുർബാനയും അർപ്പിക്കാനുള്ള സ്ഥലമാണിത്î എന്നാണ് പ. ബാവാ അന്ന് മലങ്കരയിലെ സ്ത്രീജനങ്ങളോട് കല്പിച്ച



പരിശുദ്ധ ബസ്സേലിയോസ് മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ

ത്. ദേവലോകം അരമനചാപ്പലിന്റെ പ്രധാന പെരുന്നാൾ ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളായ ഓഗസ്റ്റ് 15 ന് ആണ്. ദേവലോകം അരമനചാപ്പലിൽ കബറടക്കിയിരിക്കുന്ന പ. ഔഗേൻ പ്രഥമൻ ബാവ, പ. വട്ടക്കുന്നേൽ ബാവാ എന്നിവരുടെ ഓർമ്മപ്പെരുന്നാളുകൾ കൂടിച്ചേർത്ത് സംയുക്തമാ

(ശേഷം 2-ാം പേജിൽ)

# സത്യം ഈ ജനുവരിയിൽ ഉയിർത്ത് എഴുന്നേല്ക്കണം

## പീലിപ്പോസ് പോട്ടയ്ക്കാവയലിൽ

മൂന്നു പ്രധാന മഹാചാര്യന്മാർ ഒന്നു ചേർന്ന് സഭയെ ഇന്നയോളം സംരക്ഷിക്കുന്നതിന് വഴിഒരുക്കി. മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമികളായി സഭയെ നയിച്ച ഈ പിതാക്കന്മാരുടെ സ്മരണ പുതുക്കുന്നതോടൊപ്പം മാർത്തോമ്മാ ശ്ലീഹാ മുതൽ എല്ലാ കാതോലിക്കാബാവാമാരുടെയും സ്മരണ പുതുക്കുന്ന സഭയുടെ നവോത്ഥാനദിനമായി ഈ ദിനത്തെ സഭ ആകമാനം ആഘോഷിക്കണം. ഇന്നേ ദിവസം മലങ്കരയിലെ എല്ലാ പള്ളികളിൽനിന്നും കുറഞ്ഞപക്ഷം രണ്ടു പ്രതിനിധികൾ എങ്കിലും ഈ പെരുന്നാളിൽ പങ്കെടുക്കണം. പ. കാതോലിക്കാബാവാ തിരുമനസ്സിലെ കല്പന ഉണ്ടായിട്ടുപോലും പെരുന്നാൾ ആലോചനാ യോഗത്തിന് കോട്ടയം, കോട്ടയം സെൻട്രൽ എന്നിവിടങ്ങളിൽ നിന്ന് പങ്കെടുത്ത വൈദികരുടെയും അത്മായരുടെയും ആകെ തുക അംഗുലീപരിമിതമായിരുന്നു.

### പ. ഗീവർഗീസ് ദ്വിതീയൻ ബാവാ:

കക്ഷിവഴക്കിൽ ഇളകിമറിഞ്ഞ സഭയെ സ്വച്ഛമായി പിടിച്ചുനിർത്തി ഒന്നാക്കി. പ്രതിസന്ധികളിൽ ആടുകൾ ഇടറി കുഴഞ്ഞപ്പോഴും, 'ഇല്ല മക്കളെ സത്യം മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കും' എന്ന് അർത്ഥശങ്ക കൂടാതെ ദീർഘദൃഷ്ടിയോടെ പ്രവചിച്ച ഈ യോഗിവര്യന്റെ പാത പിൻപറ്റുന്ന പിതാക്കന്മാർ ഇന്നുണ്ടോ എന്ന് ശങ്കിക്കുന്നത് തെറ്റാവുമോ എന്തോ.

ഡോക്ടറേറ്റുകളും ആഗോള പ്രശസ്തിയും ഇല്ലാഞ്ഞിട്ടും ലോകരാഷ്ട്ര നേതാക്കളും മതനേതാക്കളും ആ പ. പിതാവിന്റെ മുന്നിൽ നമ്രശിരസ്കരായി നിന്ന് അനുഗ്രഹം വാങ്ങി. അത്മായ പ്രമുഖരും ഉന്നതന്മാരും അരയിൽ രണ്ടാംമുണ്ട് കെട്ടിനിന്ന് ആദരിച്ചു. ആ ദൈവിക ആജ്ഞാശക്തിയും ഗാംഭീര്യവും പൗരുഷവും ഇന്നു നിലനിന്നു കാണാൻ ആഗ്രഹിക്കുന്ന വിശ്വാസി അവിവേകിയും വിവരം കെട്ടവനുമാകുന്ന കാലമാണിന്ന്.

### പ. ഔഗേൻ പ്രഥമൻ ബാവാ:

വിഘടിതരുടെ വിധ്വംസക പ്രവർത്തനങ്ങൾക്ക് വിധേയപ്പെട്ട് മർദ്ദനവും വിദ്വേഷങ്ങളും ഏറ്റുവാങ്ങി മാർത്തോമ്മാ ശ്ലീഹായുടെ ഭാരതസഭയുടെ അമരക്കാരനായ പിതാവ്. എളിമയുടെയും താഴ്മയുടെയും നിറകുടമായിരുന്ന പ. പിതാവിനെ തന്റെ പിൻഗാമിയായി കണ്ടെത്തിയ കുറിച്ചിബാവാ തന്റെ പിൻഗാമിയിലെ മാർത്തോമ്മാ പൈതൃകം മുന്നമേ ദർശിച്ചിട്ടുണ്ട് എന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു. മാർത്തോമ്മാ ശ്ലീഹായെ തരംതാഴ്ത്തിയ പാത്രിയർക്കീസിന്റെ നടപടിക്കെതിരെ പ്രതികരിച്ച സർവ്വ സൈന്യാധിപനായ പ. ഔഗേൻബാവായെ പ്രശംസിക്കുന്നതിലല്ല, ആ പിതാവിന്റെ പാത പിൻപറ്റി പ്രതികരിക്കാൻ നമ്മുടെ ഇന്നത്തെ പിതാക്കന്മാർക്കും സാധിച്ചിരുന്നു എങ്കിൽ. ചില നിർണ്ണായ ഘട്ടങ്ങളിൽ പ്രമുഖരായ ചില അത്മായപ്രമുഖർ പ. പിതാവിനെ ചൂഷണവിധേയനാക്കാൻ ശ്രമിച്ചതും പ. പിതാവ് തിരിച്ചറിഞ്ഞിരുന്നു. മറുഭാഗത്തുനിന്നു വി. സഭയിലെത്തിയ തീമോത്തിയോസ് തിരുമേനിയെ ശങ്കിച്ചില്ല എന്നു മാത്രമല്ല മറ്റു മെത്രാന്മാരും സഭാ നേതൃത്വവും ഒപ്പത്തിലധികമായി ആദരിച്ച് പ. പിതാവിനെ സഭയ്ക്ക് പ്രയോജനപ്പെടുത്തി. ഇന്നോ?

### പ. മാത്യൂസ് പ്രഥമൻ ബാവാ:

ഘന ഗംഭീരൻ. 40-ലധികം വർഷം അത്മായനായി സഭയെ സേവിച്ച സഭാസ്നേഹി. മാർത്തോമ്മാശ്ലീഹായുടെ ഭാരതസഭയുടെ പ്രൗഢിയും, ആഗോളതലത്തിൽ അതിരും സൃഷ്ടിച്ച കർമ്മയോഗി, സ്ഥാനമഹിമയും ഔന്നത്യവും നിലനിർത്തിയ മഹാനുഭാവൻ, സഭയുടെ നിയന്ത്രണം പിടിച്ചടക്കാൻ ശ്രമിച്ച രാഷ്ട്രീയ - വ്യവസായ ലോബികൾക്ക് അതിർ നിശ്ചയിച്ച കർമ്മയോഗി, സഭയ്ക്കും, തന്റെ മുൻഗാമികൾക്കും സഭയിൽ നല്കിയ മുൻഗണന വിശ്വാസികളുടെ വീര്യം വർദ്ധിപ്പിച്ചു. കാതോലിക്കേറ്റിന്റെ ശക്തിയും പ്രസക്തിയും വീര്യവും വ്യക്തമാക്കിയ മഹാനുഭാവൻ. സാധാരണ വിശ്വാസിയാണ് സഭയുടെ ശക്തിദുർഗ്ഗം എന്ന് തിരിച്ചറിഞ്ഞു പ്രവർത്തിച്ച പ. പിതാവ്.

ഈ മഹാരഥന്മാരായ പ. പിതാക്കന്മാരുടെ കാലടികൾ പിൻപറ്റുന്ന ഒരു വൈദിക, മേലദ്ധ്യക്ഷ വ്യൂഹം അച്ചടക്കത്തോടെ പ. ദിദിമോസ് ബാവായോടൊപ്പം ഈ പൂർവ്വ പിതാക്കളുടെ സ്മരണ പുതുക്കി ഗുണഗണങ്ങൾ പ്രകീർത്തിക്കുന്നതിലുപരി പ്രവർത്തിപഥത്തിൽ എത്തിച്ചിരുന്നു എങ്കിൽ സഭ ധന്യമാകുമായിരുന്നു. ഈ പിതാക്കന്മാർ മാർത്തോമ്മായുടെ സഭയെയും സിംഹാസനത്തെയും തൊട്ടുകളിച്ച പാത്രിയർക്കീസന്മാരുടെയും പ്രമുഖരുടെയും മുന്നിൽ ആദരവു കാട്ടാതെ കാതോലിക്കേറ്റിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി. വിശ്വാസികളും അവരുടെ പിന്നിൽ അണിനിരന്നു. അത്തരം ഒരു നല്ല നാളെ ഉണ്ടായാൽ നിശ്ചമായും സത്യം മൂന്നാംനാൾ-അല്ലാ ഈ ജനുവരിയിൽ തന്നെ - ഉയിർത്തെഴുന്നേറ്റ് നാമും നമ്മുടെ സഭയും രക്ഷപ്പെടും, നിശ്ചയം. ❑

# മലങ്കരസഭയുടെ വലിയപെരുന്നാൾ

(ഒന്നാം പേജിൽ നിന്നും)

യാണ് ഇപ്പോൾ ജനുവരി മൂന്ന് പെരുന്നാൾ ദേവലോകത്ത് ആഘോഷിക്കുന്നത്. അവരുടെ ഓർമ്മദിവസങ്ങളായ യഥാക്രമം ഡിസംബർ 8, നവംബർ 8 എന്നിവ പ്രത്യേകം ആഘോഷിക്കുന്നുമുണ്ട്.

സമീപകാലത്ത് ഇപ്രകാരം വേർതിരിച്ചു പെരുന്നാളുകൾ നടത്തേണ്ടതില്ലെന്നും എല്ലാ ബാവാമാരുടെയും പെരുന്നാൾ ജനുവരി മൂന്നിനു മാത്രം നടത്തിയാൽ മതിയെന്നും ചിലർ പ്രസ്താവനകൾ ഇറക്കുന്നുണ്ട്. ഇത് ഒരുവിധത്തിലും അംഗീകരിക്കാൻ സാദ്ധ്യമല്ല. മലങ്കരസഭ ഒരു ഓർത്തഡോക്സ് സഭയായി നിലനിൽക്കുന്ന കാലത്തോളം പ. പിതാക്കന്മാരുടെ ഓർമ്മ കഴിക്കാൻ സഭയ്ക്ക് ബാദ്ധ്യതയുണ്ട്.

ഇതുകൊണ്ട് ജനുവരി മൂന്നിലെ പെരുന്നാളിനു പ്രാധാന്യമില്ലെന്നല്ല. അതിന് ഇനിയും പ്രാധാന്യം കൂട്ടണമെന്നാണ് ഈ ലേഖകന്റെ അഭിപ്രായം. ഇപ്പോൾ ജനുവരി മൂന്നിനു ദേവലോകത്തു നടത്തുന്ന പെരുന്നാളിൽ പാമ്പാക്കുട ചെറിയപള്ളിയിൽ കബറടക്കിയിരിക്കുന്ന ഒന്നാം കാതോലിക്കായായ മുറിമറ്റത്തിൽ ബാവാ (ഓർമ്മ - മെയ് 2), വള്ളിക്കാട്ടു ദയറായിൽ കബറടക്കിയിരിക്കുന്ന രണ്ടാം കാതോലിക്കായായ പ. വാകത്താനത്തുബാവ (ഓർമ്മ - ഡിസംബർ 17), ശാസ്താംകോട്ട ഈപ്പൻകുന്നിൽ കബറടക്കിയിരിക്കുന്ന ആറാം കാതോലിക്കായായ പ. മാത്യൂസ് ദ്വിതീയൻ ബാവാ (ഓർമ്മ - ജനുവരി 26) ഇവർ അനുസ്മരിക്കപ്പെടുന്നില്ല. അവരുടെ ഓർമ്മദിവസങ്ങൾ അതതു ദിവസം അവർ കബറടങ്ങിയിരിക്കുന്ന പള്ളികളിൽ ആചരിക്കുകയാണ് പതിവ്.

ഈ അവസ്ഥ മാറണം. ജനുവരി മൂന്ന് മലങ്കരയിലെ സകല ബസേലിയോസ് കാതോലിക്കാമാരുടെയും ഓർമ്മപ്പെരുന്നാളായി കൊണ്ടാടണം. ഇതുവരെ കാലം ചെയ്തവരും ഇനി കാലംചെയ്യുന്നവരും അതിൽ ഉൾപ്പെടണം. അവരുടെ പെരുന്നാളുകൾ അതതു ദിവസം അവർ കബറടങ്ങിയിടത്ത് - ദേവലോകം അരമന അടക്കം - കൊണ്ടാടുകയും വേണം.

ജനുവരി മൂന്നിന് മറ്റൊരു പ്രാധാന്യം കൂടെയുണ്ട്. 1653 ജനുവരി മൂന്നിനാണ് *മലങ്കര പള്ളിയോഗം* സുപ്രസിദ്ധമായ കൂനൻ കുരിശുസത്യം ചെയ്തത്. മട്ടാഞ്ചേരിയിൽ അന്നു നടന്ന ആ മഹാസംഭവം റോമാനുകം വലിച്ചെറിഞ്ഞു എന്നതിനേക്കാളുപരി ഇന്ത്യയിൽ പാശ്ചാത്യശക്തികൾക്കെതിരായി നടന്ന ആദ്യ സ്വാതന്ത്ര്യ സമരവുമാണ്. സത്യവിശ്വാസം പുനഃസ്ഥാപിച്ച ആ പിതാക്കന്മാർ തീർച്ചയായും സ്മരണാർഹരാണ്.

സുറിയാനിസഭയുടെ പഞ്ചാംഗപ്രകാരം ജനുവരി ഒന്ന് നമ്മുടെ കർത്താവിന്റെ ചേലാകർമ്മപ്പെരുന്നാളും കപ്പദോക്യൻ പിതാക്കന്മാരായ പ. ബസേലിയോസ്, പ. ഗ്രീഗോറിയോസ് എന്നിവരുടെയും സകല മല്പാന്മാരുടെയും ഓർമ്മയുമാണ്. അതേ പോലെതന്നെ മെയ് 20, നാല് ഏവൻഗേലിസ്ഥന്മാരുടെയും നിഖ്യായിലും കുസ്തന്തീനോസ്പോലീസിലും എഫേസോസിലും നടന്ന മൂന്നു പൊതു സുന്നഹദോസുകളിലെ പിതാക്കന്മാരുടെ ഓർമ്മയുമാണ്. ഇവരിൽ പലരുടെയും (ഉദാ: ഏവൻഗേലീസ്ഥനായ മാർ യോഹന്നാൻ ശ്ലീഹാ) ഓർമ്മപ്പെരുന്നാളുകൾ മറ്റു പല ദിവസങ്ങളിലും പഞ്ചാംഗത്തിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്.

ഈയൊരു മാനദണ്ഡം ജനുവരി മൂന്ന് പെരുന്നാളിന്റെ കാര്യത്തിൽ സഭ സ്വീകരിക്കണം. മൂന്നു പൊതു സുന്നഹദോസുകളിലെ പിതാക്കന്മാരെപ്പോലെ മലങ്കരസഭയ്ക്ക് ഭാഗ്യസ്മരണാർഹരാണ് കൂനൻകുരിശുസത്യം ചെയ്ത മലങ്കര പള്ളിയോഗാംഗങ്ങൾ. അവരെ പ്രതിവർഷം സ്മരിക്കേണ്ടത് സഭയുടെ ബാദ്ധ്യതയാണ്. അതേപോലെ തന്നെ എവിടെ കബറടക്കിയാലും ആസ്ഥാനദേവാലയത്തിൽ കാതോലിക്കാമാരുടെ പെരുന്നാളാഘോഷിക്കേണ്ട കടമയും സഭയ്ക്കുണ്ട്.

അതിനാൽ ജനുവരി മൂന്ന് മലങ്കരസഭയുടെ ഏറ്റവും വലിയപെരുന്നാളുകളിൽ ഒന്നായി മാറ്റണം. അത് i പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും മലങ്കരയിലെ എല്ലാ ബസേലിയോസ് കാതോലിക്കാമാരുടെയും കൂനൻകുരിശിൽ സത്യം ചെയ്ത എല്ലാ പിതാക്കന്മാരുടെയും ഓർമ്മi എന്നു നാമകരണം ചെയ്ത് സഭാ പഞ്ചാംഗത്തിൽ ചേർക്കുകയും വേണം. ദേവലോകത്തോടൊപ്പം ചുരുങ്ങിയപക്ഷം മട്ടാഞ്ചേരിയിലെങ്കിലും ആ ദിവസം ആഘോഷിക്കുകയും വേണം.

"നിങ്ങൾ സഭയെ രക്ഷിയ്ക്കുകയും മറ്റുള്ളവരുടെ മുമ്പാകെ മാതൃകാപരമായി സന്മാർഗ്ഗ നിഷ്ഠയോടെ ജീവിയ്ക്കുകയും ചെയ്യണം. സഭയുടെ ചിട്ടകൾ അനുസരിച്ചു നീങ്ങണം. അങ്ങനെ ചെയ്താൽ നിങ്ങളുടെ കുടുംബവും, രാജ്യവും, സഭയും വിജയിക്കും. നിങ്ങൾ സഭയുടെ സംരക്ഷകരാണ്. നിങ്ങളുടെ അപമാനവും ബഹുമാനവും സഭയുടെ അപമാനവും ബഹുമാനവുമാണ്. നിങ്ങൾ സ്നേഹത്തോടും സന്തോഷത്തോടും ഐക്യത്തോടും പ്രവർത്തിച്ചു സഭയ്ക്ക് മഹിമ കൈവരുത്തണം."

(പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ 1970 ഡിസംബർ 31–ാം തീയതി എം. ഡി. അസ്സോസിയേഷനിൽ ചെയ്ത അദ്ധ്യക്ഷ പ്രസംഗത്തിൽ നിന്ന്)

**അൽമായവേദി**

സംഭാവനകൾ അയക്കേണ്ട വിലാസം:
ALMAYA VEDI, Post Box No. 652,
Kottayam - 686 001

# മലങ്കരസഭയുടെ...

(ഒന്നാം പേജിൽ നിന്നും)

ശക്തിദുർഗ്ഗമാക്കി രൂപാന്തരപ്പെടുത്തിയ അജയ്യ നേതാവായിരുന്നു ഇദ്ദേഹം. പ്രശ്ന സങ്കീർണ്ണമായ ഒരു കാലഘട്ടത്തിൽ ദൈവത്തിൽ നിന്നാർജ്ജിച്ച ശക്തികൊണ്ട് മലങ്കര സഭയെ സധൈര്യം നയിച്ച് സഭയുടെ ബഹുമുഖമായ വളർച്ചയ്ക്കും നവോത്ഥാനത്തിനുമായി സുധീര നേതൃത്വം നൽകി. വിശുദ്ധിയും പാണ്ഡിത്യവും പക്വതയും കാതോലിക്കാബാവായിൽ സമന്വയിച്ചു. സ്വന്തവും ചിന്താബന്ധുരവുമായ ഒരു ജീവിതദർശനം കേരളീയ സമൂഹത്തിനു നൽകിയ ഇദ്ദേഹം 20-ാം നൂറ്റാണ്ട് ദർശിച്ച അപൂർവ്വ പ്രതിഭകളിൽ ഒരാളായിരുന്നു. പരിഭാഷ നിർവ്വഹിച്ച ഗ്രന്ഥങ്ങൾ: രഹസ്യപ്രാർത്ഥന (1900), പ. സഹദേന്മാരുടെ ചരിത്രം (1901), പരിശുദ്ധന്മാരുടെ ചരിത്രം (1902), പ. സ്ത്രീകളുടെ ചരിത്രം (1904), മാർ അന്തോനീസു ചരിത്രം (1906), മാർ ശെമഊൻ ദെസ്തുനെയുടെ ശ്രേഷ്ടത (1906), അലക്സന്ത്ര്യായുടെ പാത്രിയർക്കീസായ മാർ യൂഹാനോൻ മ്റഹ്മ്മോനൊ (1907), പർദൈസാ, മാർ യൂഹാനോൻ മംദാനാ. ❑




സമ്പൂർണ്ണ മലയാള രചനകൾ വാല്യം 1

സ്നേഹം, സ്വാതന്ത്ര്യം, പുതിയ മാനവികത

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

6 ഗ്രന്ഥങ്ങളും 21 പ്രഭാഷണങ്ങളും 17 ലേഖനങ്ങളും. 672 പേജുകൾ. വില: 300 രൂപ (ഇന്ത്യയിൽ) സൗജന്യ വില: 200 രൂപ. പുസ്തകം തപാലിൽ ലഭിക്കുവാൻ പണം എം. ഒ/ ഡ്രാഫ്റ്റ് ആയി അയക്കുക. സോഫിയാ പ്രിന്റ് ഹൗസ്, തെക്കേനട, കോട്ടയം – 686001 ഫോൺ: 91 481 3255054, 99471 20697


ആദരാഞ്ജലികൾ



ജോയ്സ് തോട്ടയ്ക്കാടും കൂട്ടുകാരും



അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ പൊരുതി വീരമൃത്യു വരിച്ച ഇറാക്ക് പ്രസിഡണ്ട് സദ്ദാം ഹുസൈന് ആദരാഞ്ജലികൾ

ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്റർ



1991 ൽ സമാധാനദൗത്യവുമായി ഇറാക്കിലെത്തിയ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ. പ്രസിഡണ്ട് സദ്ദാം ഹുസൈനുമായി നിശ്ചയിച്ചിരുന്ന കൂടിക്കാഴ്ചയ്ക്ക് അദ്ദേഹത്തിന് എത്താൻ കഴിയാതെ വന്നപ്പോൾ തന്റെ ഡപ്യൂട്ടിയെ മെത്രാപ്പോലീത്തായുടെ നിർദ്ദേശങ്ങൾ തനിക്ക് സ്വീകാര്യമാണെന്ന് അറിയിക്കാൻ അയച്ചപ്പോൾ.

Almayavedi: Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, PB No. 652, Kottayam - 686001, printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil Ph: 93497 54448